**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2130** **30-09-2025 - ൽ മറുപടിയ്ക്ക്**

**അയിരൂർപാടം ആമിന അബ്ദുൾഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ അയിരൂർപാടം ആമിന അബ്ദുൾഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കുമോ; | (എ) | സംസ്ഥാന ക്രൈംബ്രാഞ്ചിന് കൈമാറിയ (ക്രൈം നമ്പർ 257/CB/EKM/R/2021) അയിരൂർപ്പാടം ആമിന അബ്ദുൽ ഖാദർ കൊലപാതക കേസിന്റെ കുറ്റകൃത്യത്തിൽ പങ്കുണ്ടെന്ന് സംശയിച്ചിരുന്ന ഒരാൾ അന്വേഷണ കാലയളവിൽ മരണപ്പെട്ടു. സംശയിക്കുന്ന മറ്റു രണ്ടു വ്യക്തികളുടെ പോളിഗ്രാഫ് പരിശോധനാ റിപ്പോർട്ടിൽ നിന്നും കേസിലേക്ക് മതിയായ വിവരങ്ങൾ ലഭിച്ചിട്ടില്ല. ഇതിൽ ഒരാളുടെ നാർക്കോ അനാലിസിസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>കേസിലേക്ക് നാളിതുവരെ നാൽപതിലേറെ പേരുടെ മൊഴി രേഖപ്പെടുത്തിയും സി.ഡി.ആർ അനാലിസിസ് നടത്തിയും, ശാസ്ത്രീയ പരിശോധനാ ഫലം ലഭ്യമാക്കിയും കേസിലെ പ്രതികളെ കണ്ടെത്തുന്നതിനും, നഷ്ടപ്പെട്ട മുതലുകൾ കണ്ടെത്തുന്നതിനും സംസ്ഥാന ക്രൈബ്രാഞ്ച് ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു. |
| (ബി) | പ്രസ്തുത കൊലപാതക കേസിന്റെ തുടർനടപടി വേഗത്തിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാന ക്രൈംബ്രാഞ്ചിന് കൈമാറിയ (ക്രൈം നമ്പർ 257/CB/EKM/R/2021) അയിരൂർപ്പാടം ആമിന അബ്ദുൽ ഖാദർ കൊലപാതക കേസിന്റെ കുറ്റകൃത്യത്തിൽ പങ്കുണ്ടെന്ന് സംശയിച്ചിരുന്ന ഒരാൾ അന്വേഷണ കാലയളവിൽ മരണപ്പെട്ടു. സംശയിക്കുന്ന മറ്റു രണ്ടു വ്യക്തികളുടെ പോളിഗ്രാഫ് പരിശോധനാ റിപ്പോർട്ടിൽ നിന്നും കേസിലേക്ക് മതിയായ വിവരങ്ങൾ ലഭിച്ചിട്ടില്ല. ഇതിൽ ഒരാളുടെ നാർക്കോ അനാലിസിസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>കേസിലേക്ക് നാളിതുവരെ നാൽപതിലേറെ പേരുടെ മൊഴി രേഖപ്പെടുത്തിയും സി.ഡി.ആർ അനാലിസിസ് നടത്തിയും, ശാസ്ത്രീയ പരിശോധനാ ഫലം ലഭ്യമാക്കിയും കേസിലെ പ്രതികളെ |

| | | | |
|---|---|---|---|
| | | | കണ്ടെത്തുന്നതിനും, നഷ്ടപ്പെട്ട മുതലുകൾ കണ്ടെത്തുന്നതിനും സംസ്ഥാന ക്രൈംബ്രാഞ്ച് ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ